"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആലപ്പുഴ മണ്ഡലത്തിൽ "ആലപ്പുഴ ആരവം" എന്ന പേരിൽ നടത്തുന്ന വികസന സാംസ്കാരികോത്സവത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1070/2025/LSGD തീയതി,തിരുവനന്തപുരം, 28-04-2025

---

പരാമർശം:- 1. ബഹു.ആലപ്പുഴ എം.എൽ.എ. യുടെ 18.03.2025 ലെ കത്ത്.
2.തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 15-04-2025 തീയതിയിലെ LSGD/PD/10723/2025-GEB4 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ മണ്ഡലത്തിൽ "ആലപ്പുഴ ആരവം" എന്ന പേരിൽ 2025 ഏപ്രിൽ 21 - 27 വരെയുള്ള തീയതികളിൽ സംഘടിപ്പിക്കുന്ന വികസന സാംസ്കാരികോത്സവത്തിന്റെ നടത്തിപ്പിലേയ്ക്കായി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപാ വീതം ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് ബഹു. ആലപ്പുഴ എം.എൽ.എ. സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നതും ആയത് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ഏപ്രിൽ 21 മുതൽ 27 വരെ ആലപ്പുഴ മണ്ഡലത്തിൽ ആലപ്പുഴ ആരവം എന്ന പേരിൽ സംഘടിപ്പിക്കുന്ന സാംസ്കാരികോൽസവുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ആലപ്പുഴ നഗരസഭ, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തുകൾ, ആര്യാട്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി **₹2,00,000/-** (രണ്ട് ലക്ഷം രൂപാ മാത്രം) രൂപ വീതം ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 28-04-2025 15:01:48

സെക്ഷൻ ഓഫീസർ